**ഫയൽ നം :** SSG 2/374/2022-TC **തിയതി :** 15-08-2024

## ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്

രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട് തൈക്കാട് പി.ഒ, തിരുവനന്തപുരം - 695 014

ഇ-മെയിൽ : tcoffice.mvd@kerala.gov.in |വെബ്: www.mvd.kerala.gov.in |☎ :0471- 2333317

**പ്രേഷകൻ,**

ട്രാൻസ്പോർട്ട് കമ്മീഷണർ,

തിരുവനന്തപുരം

**സ്വീകർത്താവ്,**

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ,

എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ,

എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ (എൻഫോഴ്സ്മെന്റ്),

എല്ലാ ജോയിൻ്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ

സർ

**വിഷയം:-** മോട്ടോർ വാഹന വകുപ്പ് - **വിചാരണ കോടതിയിൽ നിന്നും റിവേർട്ട് ചെയ്ത ചെല്ലാനുകൾ കേരള ട്രഷറി-eTR5 വഴി ഓഫീസിൽ സ്വീകരിക്കുന്നത്** - സംബന്ധിച്ച്.

**സൂചന :-** 1) അസിസ്റ്റന്റ് ട്രാൻസ്പോർട്ട് കമ്മിഷണറുടെ സമർപ്പണം തീയതി 01/07/2024

2) G.O (P) No.37/2019/Trans sated 26/102019

മോട്ടോർ വാഹന നിയമ ലംഘനങ്ങൾ കണ്ടെത്തി തയ്യാറാക്കുന്ന ഈ- ചെല്ലാനുകളിൽ സെക്ഷൻ 200 പ്രകാരം പരിശോധന ഉദ്യോഗസ്ഥന് പിഴ ഈടാക്കാൻ അധികാരം നൽകിയിട്ടില്ലാത്ത വകുപ്പുകൾ പ്രകാരമുള്ള ചെല്ലാനുകളിൽ ശിക്ഷാ നടപടികൾ സ്വീകരിക്കാനുള്ള അധികാരം ബഹുമാനപ്പെട്ട കോടതികൾക്കാണ്. ഇത് കൂടാതെ ദീർഘകാലമായി പിഴയടച്ച് തീർപ്പാക്കാത്ത കേസുകളും തുടർ നടപടികൾക്കായി വെർച്ചൽ കോടതിയിലേക്ക് ഓൺലൈനായി കൈമാറുന്നുണ്ട്.

സൂചന -2 കേരള സർക്കാർ ഉത്തരവ് പ്രകാരം മോട്ടോർ വാഹന നിയമത്തിൽ അനുശാസിക്കുന്ന പിഴയേക്കാൾ കുറവ് തുക മാത്രമാണ് പല നിയമലംഘനങ്ങൾക്കും കോമ്പൗണ്ടിംഗ് ഫീസ് ആയി സംസ്ഥാനത്ത് ഈടാക്കുന്നത്. (ഉദാഹരണത്തിന് ഹെൽമെറ്റ് , സീറ്റ് ബെൽറ്റ് എന്നിവ ധരിക്കാത്തതിന് ആദ്യതവണ തന്നെ മോട്ടോർ വാഹന നിയമത്തിൽ ₹1000 വ്യവസ്ഥ ചെയ്യുമ്പോൾ കേരള സർക്കാർ ഉത്തരവ് പ്രകാരം കോമ്പൗണ്ടിങ് ഫീസ് 500 രൂപ മാത്രമാണ് ).

വെർചൽ കോടതിയിലേക്ക് കൈമാറിയ ഇത്തരം കേസുകളിൽ കോടതി പിഴ നിശ്ചയിച്ചതിനുശേഷം വാഹന ഉടമ പിഴ അടയ്ക്കാത്ത പക്ഷം, നിശ്ചിതകാലയളവിന് ശേഷം വിചാരണ കോടതിയിലേക്ക് ഓൺലൈനായി കൈമാറുന്നുണ്ട് വാഹന ഉടമ പിഴ അടക്കാതെ "തർക്കം" എന്ന് Virtual court സൈറ്റിൽ രേഖപ്പെടുത്തിയാലും ഇത്തരത്തിൽ വിചാരണ കോടതിയിലേക്ക് കേസ് ഓൺലൈനായി കൈമാറുന്നുണ്ട്

ഈ സാഹചര്യങ്ങളിൽ വെർചൽ കോടതിയിൽ ഓൺലൈനായി പിഴ അടയ്ക്കാൻ സാധ്യമല്ല. വിചാരണ കോടതിയിൽ പ്രോസിക്യൂഷൻ നടപടികൾ മാനുവലായി നൽകാത്തതിനാൽ വിചാരണ കോടതിയിലും പിഴയടയ്ക്കാൻ സാധ്യമല്ല.

മോട്ടോർ വാഹന നിയമത്തിലെ വകുപ്പ് 200 പ്രകാരം ഇത്തരം കേസുകൾ Court Revert എന്ന ഓപ്ഷൻ വഴി പിൻവലിച്ച ശേഷം ഈ ചെല്ലാൻ വെബ്സൈറ്റിൽ കൂടി, ബഹു. കോടതികൾ നിശ്ചയിച്ചതിനേക്കാൾ കുറഞ്ഞ പിഴ ഈടാക്കുന്നത് മൂലം സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാവുന്നതായി കാണുന്നു.

മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥർക്ക് പിഴ ഈടാക്കാൻ അധികാരം നൽകിയിട്ടില്ലാത്ത വകുപ്പുകളിൽ Court Revert ചെയ്തതിനുശേഷം പിഴത്തുക '0' എന്ന് മാത്രമേ കാണാൻ സാധിക്കു. പല കേസുകളിലും കോടതി നിശ്ചയിക്കുന്ന പിഴ തുക Court Revert ചെയ്തതിനുശേഷം ഈ ചെല്ലാൻ സൈറ്റിൽ സ്വീകരിക്കാൻ സാധിക്കില്ല. ആയതിനാൽ ഒരിക്കൽ കോടതി പിഴ നിശ്ചയിച്ച കേസുകളിൽ , കോടതി നിശ്ചയിച്ച തുക തന്നെ ആയിരിക്കണം പിഴയായി ഈടാക്കേണ്ടത്.

ഇതിനായി താഴെപ്പറയുന്ന നിർദ്ദേശങ്ങൾ നൽകുന്നു

1 ) കോടതി പിഴ നിശ്ചയിച്ച കേസുകളിൽ virtual court web site ൽ ഓൺലൈൻ ആയി പിഴ അടയ്ക്കാൻ പറ്റാത്ത സാഹചര്യമാണെങ്കിൽ കോടതി നിശ്ചയിച്ച പിഴ തുക തന്നെ കേരള ട്രഷറിയുടെ eTR-5 വഴി സ്വീകരിക്കാവുന്നതാണ്.

2) eTR 5 വഴി പിഴയടച്ച രസീത് കോർട്ട് റിലീസ് എന്ന ഓപ്ഷൻ വഴി ഈ ചെല്ലാൻ വെബ്സൈറ്റിൽ അപ് ലോഡ് ചെയ്ത് ഇ-ചെല്ലാൻ തീർപ്പാക്കേണ്ടതാണ്.

3) eTR5 വഴി പിഴ സ്വീകരിച്ച തീർപ്പാക്കുന്ന കേസുകൾ സംബന്ധിച്ച വിവരങ്ങൾ ഒരു പ്രത്യേക രജിസ്റ്റർ സൂക്ഷിക്കേണ്ടതും ഓരോ മാസത്തെയും വിവരങ്ങൾ ക്രോഡീകരിച്ച് കോടതിയെ അറിയിക്കേണ്ടതുമാണ്.

വിശ്വസ്തതയോടെ,

Signed by
Pramoj Sanker P S
Date: 16-08-2024 10:31:27

PRAMOJ SANKER P S

ADDL TRANSPORT COMMISSIONER

**പകർപ്പ്**

1. ട്രാൻസ്പോർട്ട് കമ്മീഷണറുടെ സി.എ
2. അഡീഷണൽ ട്രാൻസ്പോർട്ട് കമ്മീഷണറുടെ സി.എ
3. ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണറുടെ സി.എ
4. സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണറുടെ (ടാക്സ്) സി.എ
5. അസിസ്റ്റൻറ് ട്രാൻസ്പോർട്ട് കമ്മീഷണർ
6. സീനിയർ ഫിനാൻസ് ഓഫീസർ
7. E, MIT സെക്ഷൻ സൂപ്രണ്ട്